# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 168**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

2025 ഡിസംബർ 07-ാം തീയതി ഞായറാഴ്ച വേദപുസ്തക ഞായർ ആയി സഭ ആചരിക്കുന്നു. വേദപുസ്തക പരിഭാഷ, അച്ചടി, വിതരണം, തിരുവചനത്തിന്റെ ഇടപെടൽ, വിഭവ സമാഹരണം എന്നിവയിലൂടെ രണ്ട് നൂറ്റാണ്ടിലേറെയായി ഇന്ത്യയിൽ ബൈബിൾ സൊസൈറ്റി അതിന്റെ ശുശ്രൂഷ നിർവഹിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ നാളുകളിൽ നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും ബൈബിൾ സൊസൈറ്റിക്കു ലഭിച്ച പ്രാർത്ഥനകൾക്കും ദാനങ്ങൾക്കും നന്ദി അർപ്പിക്കുന്നു.

ആഗോളതലത്തിൽ ബൈബിൾ സൊസൈറ്റിയിലൂടെ ഇതുവരെ 3666 ഭാഷകളിൽ തിരുവചന പ്രതികൾ ലഭ്യമാക്കുവാൻ സാധിച്ചു. ഇനിയും അനേകം ഭാഷകളിലേക്ക് ദൈവവചനം പരിഭാഷപ്പെടുത്തുവാൻ ഉണ്ട്. ഭാരതത്തിൽ 180 ഭാഷകളിലേക്ക് അച്ചടിച്ച ബൈബിളുകളും, 91 ഭാഷകളിൽ ഓഡിയോ ബൈബിളുകളും, 22 ഭാഷകളിൽ ബ്രെയ്‌ലി ബൈബിളുകളും പ്രസിദ്ധീകരിക്കുവാൻ സാധിച്ചു; കൂടാതെ, ആംഗ്യ ഭാഷ ബൈബിൾ (Sign Language Bible) പരിഭാഷാ പദ്ധതിയും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ഇപ്പോൾ 117 പരിഭാഷാ പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു.

ബൈബിൾ സൊസൈറ്റി കേരള ഓക്സിലിയറി "ദൈവവിശ്വസ്തതയുടെ 70 വർഷങ്ങൾ" ആഘോഷിക്കുകയാണ്. വിവിധതരത്തിലുള്ള വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവർക്ക് സൗജന്യമായി ബൈബിളുകൾ വിതരണം ചെയ്യുക, ബൈബിൾ പഠന കളരികൾ നടത്തുക, കുടുംബ പ്രാർത്ഥനയിൽ ഉപയോഗിക്കുവാനായുള്ള ഫാമിലി എഡിഷൻ ബൈബിൾ, മലയാളം പഠന ബൈബിൾ എന്നിവ പ്രസിദ്ധീകരിക്കുക, യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടി ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. 2025-2026 സാമ്പത്തിക വർഷത്തിൽ കേരള ഓക്സിലിയറിക്കു Rs.1,65,00,000/- (ഒരു കോടി അറുപത്തിയഞ്ചു ലക്ഷം രൂപ) കണ്ടെത്തേണ്ടതായുണ്ട്. ഈ ആവശ്യങ്ങളെയും പ്രവർത്തനങ്ങളെയും ഓർത്തു പ്രാർത്ഥിക്കുകയും, വേദപുസ്തക ഞായറാഴ്ച ലഭിക്കുന്ന മുഴുവൻ സ്തോത്രകാഴ്ചയും പ്രത്യേകം ലഭിക്കുന്ന സംഭാവനകളും സഭാ ഓഫീസിൽ യഥാസമയം ഏല്പിക്കുകയും ചെയുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. വേദപുസ്തകം തങ്ങളുടെ ഭാഷയിൽ ഇതുവരെയും ലഭിച്ചിട്ടില്ലാത്ത ആളുകൾക്ക്, ദൈവവചനം കരഗതമാകുവാൻ നിങ്ങളുടെ ചെറുതും വലുതുമായ സംഭാവനകൾ സഹായകരമാകുന്നു. ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനത്തിലും വിഭവസമാഹരണത്തിലും നമ്മുടെ പട്ടക്കാരും ഇടവകജനങ്ങളും ആത്മാർത്ഥമായി പങ്കുചേരുവാൻ ഉത്സാഹിക്കുമല്ലോ. ദൈവത്താൽ പ്രചോദിതമായ ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ധ്യാനിക്കുവാനും സത്യവചനത്തിന്റെ അനുവർത്തകരും പ്രഘോഷകരും ആയി ഈ നാളുകളിൽ ദൈവനാമ മഹത്വത്തിനായി ജീവിക്കുവാനും പ്രവർത്തിക്കുവാനും ദൈവം ഏവരെയും സഹായിക്കട്ടെ.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2025 നവംബർ മാസം 07-ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**
**(പ്രസിഡന്റ്, കേരളാ ഒക്സിലിയറി)**